**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1314</u>** **<u>15.6.2012-ൽ മറുപടിക്ക്</u>**

**<u>നഗരങ്ങളിലെ മാലിന്യ നിർമ്മാർജ്ജനം</u>**

| **<u>ചോദ്യം</u>** | **<u>ഉത്തരം</u>** |
|---|---|
| ശ്രീ. എം. ഉമ്മർ | ശ്രീ.മഞ്ഞളാംകുഴി അലി<br>(മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |
| എ) നഗര മാലിന്യം നീക്കം ചെയ്യുന്നതിനായി സ്വീകരിച്ച മാർഗ്ഗങ്ങളിലൂടെ ഇപ്പോൾ പൂർണ്ണമായ മാലിന്യ നീക്കം നടക്കുന്നുണ്ടോ; | എ) പൂർണ്ണമായ തോതിൽ നടക്കുന്നില്ല. |
| ബി) മാലിന്യം ഉത്ഭവ കേന്ദ്രങ്ങളിൽതന്നെ സംസ്ക്കരിക്കുന്ന രീതി നടപ്പാക്കി തുടങ്ങിയിട്ടുണ്ടോ; | ബി) ഉണ്ട്. മാലിന്യം ഉത്ഭവകേന്ദ്രങ്ങളിൽ തന്നെ സംസ്കരിക്കുന്നതിലേക്കായി 42 നഗരസഭകൾ തയ്യാറാക്കിയ പ്രോജക്ടുകൾക്ക് സാങ്കേതിക സഹായവും 2011-12 വർഷത്തെ പദ്ധതി വിഹിതത്തിൽ ഉൾപ്പെടുത്തി ശുചിത്വ മിഷൻ വഴി അനുവദിച്ച് നൽകിയിട്ടുണ്ട്. ആയതിന്റെ നിർവ്വഹണം നടത്തേണ്ടത് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ്. 2012-13 വർഷം 75 കോടി രൂപ നഗരങ്ങളിൽ ഉറവിട മാലിന്യ സംസ്ക്കരണം പ്രോത്സാഹിപ്പിക്കുന്നതിന് സബ്സിഡി നൽകാനായി തീരുമാനിച്ചിട്ടുണ്ട്. |
| സി) മാലിന്യങ്ങൾ കുന്നുകൂടി രോഗങ്ങൾ സംക്രമിക്കാതിരിക്കാൻ ആവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ടോ; | സി) ഉണ്ട്. |
| ഡി) മാലിന്യ സംസ്ക്കരണവുമായി ബന്ധപ്പെട്ട് പൊതുജനങ്ങൾക്ക് ബോധവത്ക്കരണ പരിപാടികൾ നടത്തുന്ന കാര്യം ആലോചിക്കുമോ? | ഡി) ബോധവൽക്കരണ പ്രവർത്തനങ്ങൾ വിവിധ തലങ്ങളിലൂടെ നടത്തി വരുന്നുണ്ട്. കൂടാതെ മഴക്കാലപൂർവ്വ ശുചീകരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും, ആരോഗ്യവകുപ്പും സംയുക്തമായി നടത്തി വരുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**